**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 87 05.03.2012 - ൽ മറുപടിയ്ക്ക്

**മാധ്യമപ്രവർത്തകർക്കേറ്റ മർദ്ദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് പോലീസ് വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് വാർത്ത ശേഖരിക്കുന്നതിനിടെ ഇൻഡ്യാവിഷൻ റിപ്പോർട്ടർ, ക്യാമറാമാൻ തുടങ്ങിയവർക്ക് മർദ്ദനമേറ്റതായി പറയപ്പെടുന്ന സംഭവത്തിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; | (എ) ഇൻഡ്യാവിഷൻ ചാനലിന്റെ റിപ്പോർട്ടർ ഫൗസിയ എന്ന ആളെയും ടിയാൾ സഞ്ചരിച്ച വാഹനത്തിലെ ഡ്രൈവറെയും കാസർഗോഡ് ഏ.ആർ. ക്യാമ്പിലെ പോലിസ് ഉദ്യോഗസ്ഥർ തടഞ്ഞു നിർത്തി മർദ്ദിച്ചുവെന്ന പരാതിയെ തുടർന്ന് ഒരു ക്രൈം കേസ് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1100/2011 U/s 143, 147, 283, 341, 323, 506 (1) 294 (b), 149 IPC പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസിനു പുറമേ കാസർഗോഡ് ഏ.ആർ. ക്യാമ്പിലെ CPO 1891 K.C. മാക്സിം എന്നയാൾ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ഒരു പരാതി നൽകുകയും ആയതിൽ വെള്ള സാൻട്രോ കാറിൽ വന്ന ഇൻഡ്യാവിഷൻ ചാനൽ പ്രവർത്തകർ പോലീസ് വാഹനത്തെ പിൻതുടർന്ന് വീഡിയോ ചിത്രങ്ങൾ എടുത്തതിനെപ്പറ്റി ചോദിച്ചതിലുള്ള വിരോധം വച്ച് ഷർട്ടിന്റെ കോളറിൽ പിടിച്ച് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് |

തടസ്സം വരുത്തിയെന്ന് പറഞ്ഞതിൻ പ്രകാരം കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1097/11 U/s 341, 323, 353, 34 IPC കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) ഇല്ല. ഈ രണ്ട് കേസിനെ സംബന്ധിച്ചും കാസർഗോഡ് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പോലീസ് - പത്ര പ്രവർത്തക ബന്ധമില്ലാത്തതും സംഭവത്തിന് ദൃക്സാക്ഷികളുമായ സാക്ഷികളെ കണ്ടു ചോദിച്ചതിൽ രണ്ടു കേസുകളിലെയും പരാതിയിൽ പറയുന്ന വസ്തുതകൾ ശരിയല്ലെന്ന് വെളിവായിട്ടുള്ളതുമാണ്. ആയതിനാൽ ടി സാക്ഷികളുടെ മൊഴികൾ 164 Cr PC പ്രകാരം രേഖപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ